**103/2021 - M**

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | 45661 |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 — സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡു കളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

1. ആദ്യമായി ജ്ഞാനപീഠ പുരസ്കാരം നേടിയ ഇന്ത്യൻ – ഇംഗ്ലീഷ് നോവലിസ്റ്റ് :
   (A) ശശി തരൂർ (B) അമിതാവ് ഘോഷ്
   (C) വിക്രം സേത്ത് (D) ജീത് തയ്യിൽ

2. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ വർഷം :
   (A) 1910 (B) 1911 (C) 1909 (D) 1914

3. ധോണി വെള്ളച്ചാട്ടം ഏതു ജില്ലയിൽ ?
   (A) കോഴിക്കോട് (B) തിരുവനന്തപുരം
   (C) വയനാട് (D) പാലക്കാട്

4. ദേശീയോദ്യാനം ഇല്ലാത്ത സംസ്ഥാനം :
   (A) പഞ്ചാബ് (B) ആസ്സാം (C) മധ്യപ്രദേശ് (D) ഡൽഹി

5. പത്മഭൂഷൺ നേടിയ ഇന്ത്യൻ പക്ഷിശാസ്ത്രജ്ഞൻ :
   (A) ഡോ. സക്കീർ ഹുസൈൻ (B) ഡോ. സലീം അലി
   (C) ഇന്ദുചൂഡൻ (D) വി.എസ്. വിജയൻ

6. സതി നിരോധിച്ച ഗവർണർ :
   (A) വില്യം ബെന്റിക് (B) ലോർഡ് കഴ്സൺ
   (C) മൗണ്ട് ബാറ്റൺ (D) ലോർഡ് റിപ്പൺ

7. അവസാനത്തെ തിരുവിതാംകൂർ രാജാവ് :
   (A) സ്വാതി തിരുനാൾ (B) ശക്തൻ തമ്പുരാൻ
   (C) ശ്രീ ചിത്തിര തിരുനാൾ (D) ശ്രീ വിശാഖം തിരുനാൾ

8. പ്രൊജക്ട് ടൈഗർ നിലവിൽ വന്ന വർഷം :
   (A) 1971 (B) 1973 (C) 1969 (D) 1981

9. അന്തരീക്ഷത്തിന് എത്ര പാളികളുണ്ട് ?
   (A) 3 (B) 6 (C) 2 (D) 4

10. 'നീലക്കുയിൽ' സിനിമയുടെ തിരക്കഥാകൃത്ത് :
    (A) ഉറൂബ് (B) ജെ.സി. ഡാനിയൽ
    (C) എസ്.എൽ. പുരം സദാനന്ദൻ (D) രാമു കാര്യാട്ട്

11. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം :

(A) 1935-36 (B) 1932-33 (C) 1931-32 (D) 1928-30

12. കുമാരനാശാൻ അവസാനം രചിച്ച ഖണ്ഡകാവ്യം :

(A) വീണപൂവ് (B) കരുണ (C) പ്രരോദനം (D) നളിനി

13. ഫിൻലൻഡിലെ പുതിയ പ്രധാനമന്ത്രി :

(A) ഷേർലി വില്യംസ് (B) അബിഗെയിൽ ജോൺസൺ

(C) ക്രിസ്റ്റീൻ ലഗാർഡെ (D) സന്ന മാരിൻ

14. 2019-ൽ വിംബിൾഡൺ വനിതാവിഭാഗം കിരീടം നേതിയതാര് ?

(A) സറീന വില്യംസ് (B) മരിയ ഷറപ്പോവ

(C) സിമോണ ഹാലെപ് (D) ഒസാക്ക

15. 'പന്തങ്ങൾ' എന്ന പ്രസിദ്ധ കവിത എഴുതിയത് :

(A) വൈലോപ്പിള്ളി (B) ചങ്ങമ്പുഴ (C) ഇടശ്ശേരി (D) ഇടപ്പള്ളി

16. പുന്നപ്ര വയലാർ സമരം നടന്ന വർഷം :

(A) 1952 (B) 1949 (C) 1946 (D) 1943

17. ബ്രിട്ടീഷ് – പഴശ്ശി ചർച്ചകൾക്ക് മധ്യസ്ഥനായ ബോംബെ ഗവർണർ :

(A) ജൊനാഥൻ ഡങ്കൻ (B) ലോർഡ് മിന്റോ

(C) സർ ജോൺ ഷോർ (D) സർ ചാൾസ് മെറ്റ്കാഫ്

18. 'ഋതുക്കളുടെ കവി' :

(A) ചങ്ങമ്പുഴ (B) ചെറുശ്ശേരി (C) കുമാരനാശാൻ (D) പൂന്താനം

19. ഇന്ത്യയിൽ പഞ്ചായത്തിരാജ് നിലവിൽ വന്ന വർഷം :

(A) 1949 (B) 1964 (C) 1959 (D) 1992

20. ദക്ഷിണേന്ത്യയിലെ ബ്രഹ്മസമാജം എന്നറിയപ്പെട്ട പ്രസ്ഥാനം :

(A) വേദ സമാജം 45661 (B) ആര്യസമാജം

(C) പ്രാർഥനാ സമാജം (D) ബ്രഹ്മസഭ

21. 2019-ലെ ഖേൽരത്ന നേടിയതാര് ?

(A) വിരാട് കോഹ്‌ലി (B) ദീപ മാലിക്

(C) ജിതു റായ് (D) സാക്ഷി മാലിക്

22. ശശി തരൂരിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് ഏതു കൃതിക്കാണ് ?
(A) പാക്സ് ഇൻഡിക്ക
(B) ദി പാരഡോക്സിക്കൽ പ്രൈം മിനിസ്റ്റർ
(C) ദി ഗ്രേറ്റ് ഇന്ത്യൻ നോവൽ
(D) ആൻ എറ ഓഫ് ഡാർക്ക്നെസ്സ്

23. യു.എൻ. അസംബ്ലി പ്രസിഡന്റായ ആദ്യ വനിത :
(A) മാർഗരറ്റ് താച്ചർ
(B) ഇന്ദിരാഗാന്ധി
(C) വിജയലക്ഷ്മി പണ്ഡിറ്റ്
(D) ആങ്സാൻ സ്യൂചി

24. 2019-ലെ ദാദാസാഹെബ് ഫാൽക്കെ പുരസ്കാരം ലഭിച്ചത് :
(A) അമിതാബ് ബച്ചൻ
(B) ശശി കപൂർ
(C) ഗുൽസാർ
(D) സി. രാമനായിഡു

25. 'ഐ ഡെയർ' – ആരുടെ ആത്മകഥ ?
(A) എം.എഫ്. ഹുസൈൻ
(B) സുനിൽ ഗവാസ്കർ
(C) കിരൺ ബേദി
(D) മേധ പട്കർ

26. ഗ്രെറ്റ തുൻബെർഗ് ഏതു രാജ്യക്കാരിയാണ് ?
(A) ജർമനി (B) സ്വീഡൻ (C) നോർവെ (D) സ്പെയിൻ

27. കർതാർപുർ ഇടനാഴി ഏതു മതവിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
(A) ഇസ്ലാം (B) പാർസി (C) ഹിന്ദു (D) സിഖ്

28. 'കേരളസാഹിത്യചരിത്രം' എഴുതിയത് :
(A) എ. ശ്രീധരമേനോൻ
(B) ഇളംകുളം കുഞ്ഞൻപിള്ള
(C) ഉള്ളൂർ എസ്. പരമേശ്വരയ്യർ
(D) ശൂരനാട് കുഞ്ഞൻപിള്ള

29. മാർഗരറ്റ് ഏറ്റ്വുഡ് എതു രാജ്യക്കാരിയാണ് ?
(A) കാനഡ (B) ഇംഗ്ലണ്ട് (C) ഫ്രാൻസ് (D) ഇറ്റലി

30. 2019-ൽ മികച്ച ചിത്രത്തിനുള്ള ഓസ്കർ നേടിയ സിനിമ :
(A) ബ്ലാക്ക് പാന്തർ
(B) എ സ്റ്റാർ ഈസ് ബോൺ
(C) ഗ്രീൻ ബുക്ക്
(D) വൈസ്

31. 'നിശ്ശബ്ദവസന്തം' ആരുടെ രചനയാണ് ?
(A) തോമസ് ഹാർഡി
(B) വാൾട്ടർ സ്കോട്ട്
(C) വില്യം താക്കറെ
(D) റേച്ചൽ കഴ്സൺ

32. 'ഗീതാഞ്ജലി'ക്ക് ആമുഖമെഴുതിയ കവി :

(A) ഡബ്ല്യു.എച്ച്. ഓഡൻ

(B) ഡബ്ല്യൂ.ബി. യീറ്റ്സ്

(C) തോമസ് ഹാർഡി

(D) എസ്രെ പൗണ്ട്

33. ഇന്ത്യയിലെ ഏറ്റവും വലിയ ടൈഗർ റിസർവ് :

(A) നാഗാർജുന സാഗർ – ശ്രീശൈലം ടൈഗർ റിസർവ്

(B) ബന്തിപ്പൂർ

(C) സത്കോസിയ

(D) സരിസ്ക

34. 'യങ് ബംഗാൾ' പ്രസ്ഥാനത്തിൽ പങ്കുകൊണ്ട കവി :

(A) നോറു ദത്ത്

(B) സരോജിനി നായിഡു

(C) ടാഗോർ

(D) ഹെൻറി വിവിയൻ ഡെറോസിയോ

35. ഇന്ത്യൻ ഭരണഘടനയിൽ സിറ്റിസൺഷിപ് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ ഏത് ?

(A) 3 (B) 5 (C) 4 (D) 2

36. 2019-ലെ കെമിസ്ട്രി നൊബേലിന് അർഹമായ കണ്ടെത്തൽ :

(A) ക്രയോൺ ഇലക്ട്രോൺ മൈക്രോസ്കോപ്പി

(B) നിയന്ത്രിത എൻസൈം പരിണാമം

(C) ലിഥിയം അയോൺ ബാറ്ററി

(D) ഡി.എൻ.എ. റിപ്പയർ

37. കാക്കനാടൻ ആരുടെ തൂലികാനാമമാണ് ?

(A) ജോർജ് വർഗീസ്

(B) ജോർജ് ജോസഫ്

(C) മാത്യു തോമസ്

(D) ജോയ് വർഗീസ്

38. 'ലോകത്തിലെ ഏറ്റവും വലിയ ചവറ്റുകൊട്ട' എന്നറിയപ്പെടുന്ന ഏഷ്യൻ രാജ്യം :

(A) ഭൂട്ടാൻ (B) ഇന്ത്യ (C) ശ്രീലങ്ക (D) നേപ്പാൾ

39. കേരളത്തിൽ എത്ര അന്തർദേശീയ വിമാനത്താവളങ്ങളുണ്ട് ?

(A) 1 (B) 4 (C) 3 (D) 2

40. കേരളത്തിലെ ആദ്യ വനിതാ പോലീസ് സ്റ്റേഷൻ :

(A) കോഴിക്കോട്

(B) പാലക്കാട്

(C) തൃശൂർ

(D) തിരുവനന്തപുരം

41. സുമേഷ് ഒരു കച്ചവടക്കാരനാണ്. അയാൾ 25 രൂപ വീതം വിലയുള്ള 60 നൂറുപേജ് നോട്ടുബുക്കുകളും അതിന്റെ ഇരട്ടി വിലയുള്ള 80 ഇരുന്നൂറ് പേജ് നോട്ടുബുക്കുകളും, 100 പേജ് നോട്ടുബുക്കിന്റെ അതേ വിലയുള്ള 20 പേനയും വാങ്ങി. ഓരോന്നും 2 രൂപ വീതം ലാഭത്തിന് വിറ്റു. എന്നാൽ ലാഭമടക്കം അയാൾക്ക് എത്ര രൂപ കിട്ടി ?

(A) 7200 (B) 6000 (C) 6320 (D) 5320

42. 8 സെ.മീ. നീളമുള്ള ഒരു ചതുരത്തിന്റെ അതേ ചുറ്റളവുള്ള ഒരു സമചതുരത്തിന് 7 സെ.മീ. വശമുണ്ട്. ചതുരത്തിന്റെ വീതി എത്ര സെ. മീറ്റർ ?

(A) 14 സെ.മീ. (B) 8 സെ.മീ (C) 6 സെ.മീ (D) 5 സെ.മീ.

43. $5 \times 3 \times 2$ ഇതിലെ എല്ലാ സംഖ്യകളും ഇരട്ടിയാക്കിയാൽ ഉത്തരം എത്ര മടങ്ങാകും ?

(A) 2 (B) 4 (C) 6 (D) 8

44. 16 -നെ 12 കൊണ്ട് ഗുണിക്കുന്നതിന് പകരം 16 -നെ 21 കൊണ്ട് ഗുണിച്ചു. ഉത്തരത്തിന്റെ വ്യത്യാസം 16 -ന്റെ എത്ര മടങ്ങാണ് ?

(A) 12 (B) 9 (C) 5 (D) 4

45. 2020 ജനുവരി 3 മുതൽ 2020 മാർച്ച് 18 വരെ (2 ദിവസവും ചേർത്ത്) എത്ര ദിവസം ഉണ്ട് ?

(A) 74 (B) 75 (C) 76 (D) 77

46. 10 ആളുകൾക്ക് ഒരു ജോലി ചെയ്യാൻ 8 ദിവസം വേണം. അതേ ജോലി ചെയ്യാൻ 20 ആളുകൾക്ക് എത്ര ദിവസം വേണം ?

(A) 20 (B) 16 (C) 18 (D) 4

47. 7 സംഖ്യകളുടെ ശരാശരി 11 ആണ്. എട്ടാമത് ഒരു സംഖ്യകൂടി കൂട്ടിയപ്പോളും ശരാശരി 11 തന്നെ എങ്കിൽ കൂട്ടിയ സംഖ്യ ഏത് ?

(A) 0 (B) 7 (C) 8 (D) 11

48. $6\frac{3}{4} + X = 11\frac{1}{4} + 2\frac{1}{4}$ എങ്കിൽ X -ന്റെ വിലയെത്ര ?

(A) $6\frac{3}{4}$ (B) $6\frac{1}{2}$ (C) $6\frac{1}{4}$ (D) $6\frac{2}{3}$

49. 64 -ന്റെ $6\frac{1}{4}$ % എത്ര ?

(A) 8 (B) 6 (C) 4 (D) 2

50. $\frac{1.06 \times 7.8 \times 0.6}{39 \times 2.12 \times 0.03} = ?$

(A) 4 (B) 2 (C) 2.02 (D) 2.36

51. There ________ water in the kettle.

(A) aren't any (B) aren't much (C) isn't any (D) isn't some

52. This is the **reputable** company in this field. Find the word opposite in meaning to 'reputable'.

(A) irreputable (B) disreputable (C) unreputable (D) inreputable

53. I could not **understand** what the leader was telling. Choose from the options the phrasal verb that can replace the underlined word.

(A) make in (B) make for (C) make of (D) make out

54. Can you help me look ________ the lost pen ?

(A) after (B) to (C) for (D) around

55. The suspected man ________ before the police reached the hall.

(A) had left (B) has left

(C) had been leaving (D) has been leaving

56. 'Several new germs ________ recently', says the scientist.

(A) emerge (B) have been emerged

(C) have emerged (D) had emerged

57. 'They have delivered the parcel in time'. The sentence can also be written without changing the meaning as :

(A) The parcel have been delivered in time.

(B) The parcel has been delivered in time.

(C) The parcel has delivered in time.

(D) The parcel have delivered in time.

58. Do you mind ________

(A) give a chance ? (B) to give me a chance ?

(C) giving me a chance ? (D) gave me a chance ?

59. ________ old, the building is well designed.

(A) Although (B) Yet (C) But (D) Still

60. One should do ________ duty.

(A) his (B) its (C) their (D) one's

61. ചേർത്തെഴുതുമ്പോൾ വ്യത്യാസം വരാത്ത പദം എടുത്തെഴുതുക.

(A) നീല + താമര (B) നീല + മല (C) നീല + കുയിൽ (D) നീല + പാത്രം

62. 'കതിരിൽ വളം വെക്കുക' എന്ന ശൈലിയുടെ ശരിയായ ആശയം എന്താണ് ?

(A) മണ്ണിലാണ് വളം ഇടേണ്ടത് (B) കതിരിൻമേൽ വളപ്രയോഗം നടത്തുക

(C) അസ്ഥാനത്തുള്ള പ്രവൃത്തി (D) ഒന്നും നന്നാവില്ല

63. താഴെ കൊടുത്ത പദങ്ങളിൽ ഭാവികാലത്തെ സൂചിപ്പിക്കുന്ന പദം ഏതാണ് ?

(A) എഴുത്ത് (B) എഴുതും (C) എഴുതുന്നു (D) എഴുതി

64. ''അയ്യോ ഇന്നലെ ഞാൻ വീട്ടിൽ നിന്നിറങ്ങിയിട്ടില്ല.'' ഈ വാക്യത്തിൽ അയ്യോ എന്ന പദം കഴിഞ്ഞ് ചേർക്കേണ്ട ചിഹ്നം ഏതാണ് ?

(A) ! (B) ; (C) ? (D) :

65. ''പായസം വെക്കുന്നതിനായി അമ്പത് തേങ്ങകൾ മാറ്റിയിടാൻ പറഞ്ഞിട്ടുണ്ട്.'' വാക്യത്തിൽ തെറ്റുവന്ന ഭാഗം ഏതാണ് ?

(A) വെക്കുന്നതിനായി (B) പറഞ്ഞിട്ടുണ്ട്

(C) മാറ്റിയിടാൻ (D) അമ്പത് തേങ്ങകൾ

66. താഴെ കൊടുത്തവയിൽ നിന്ന് ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.

(A) ഔചിത്യം (B) ഔജിത്യം (C) ഓചിത്യം (D) ഔഞ്ചിത്യം

67. സംസ്കൃതത്തിൽ നിന്ന് രൂപപ്പെട്ടതും, മാറ്റം വരുത്തി മലയാളത്തിലേക്ക് സ്വീകരിച്ചതുമായ പദം.

(A) ഏണി (B) സുഖം (C) മുഖം (D) ദന്തം

68. അർത്ഥവ്യത്യാസം കൊണ്ട് കൂട്ടത്തിൽ ചേരാത്ത പദം തെരഞ്ഞെടുത്തെഴുതുക.

(A) ആമോദം (B) ആനന്ദം (C) ആരവം (D) ആഹ്ലാദം

69. "A bad workman always blames his tools" – ഈ ചൈനാ ശൈലിയുടെ ശരിയായ മലയാള പരിഭാഷ എടുത്തെഴുതുക.

(A) മോശം പണിക്കരന് പണിയായുധങ്ങൾ എല്ലായെപ്പോഴും ശാപമാണ്.

(B) മോശം പണിക്കാരന് പണിയായുധങ്ങൾ അനുഗ്രഹമാണ്.

(C) മോശം പണിക്കാരന്റെ കയ്യിൽ എല്ലാ എപ്പോഴും ഉപകരണങ്ങൾ ഉണ്ടാവില്ല.

(D) മോശം പണിക്കാരൻ പണിയായുധങ്ങളെ പഴിക്കും.

70. 'അമ്മ <u>കുട്ടിയോട്</u> കഥ പറഞ്ഞു' അടിയിൽ വരയിട്ട പദം ഏത് വിഭക്തിക്ക് ഉദാഹരണമാണ് ?

(A) സംയോജിക (B) പ്രതിഗ്രാഹിക (C) നിർദ്ദേശിക (D) ആധാരിക

71. ''റോക്കറ്റ് വിക്ഷേപണ''ത്തിൽ ഉപയോഗിച്ചിരിക്കുന്ന നിയമം ഏത് ?

(A) ന്യൂട്ടന്റെ ഒന്നാം ചലനനിയമം

(B) ന്യൂട്ടന്റെ രണ്ടാം ചലനനിയമം

(C) ന്യൂട്ടന്റെ മൂന്നാം ചലനനിയമം

(D) ആക്ക സംരക്ഷണനിയമം

Identify the law behind "Rocket Propulsion".

(A) Newton's First Law of Motion

(B) Newton's Second Law of Motion

(C) Newton's Third Law of Motion

(D) Law of Conservation of Linear Momentum

72. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതിന്റെ ഏകകമാണ് ''പ്രകാശവർഷം'' ?

(A) പ്രകാശ തീവ്രത (B) ദൂരം

(C) സമയം (D) പ്രവേഗം

'Light Year' is a unit associated with :

(A) Luminous intensity (B) Distance

(C) Time (D) Velocity

73. 'ഫ്യൂസ് വയർ' (സോൾഡർ) നിർമ്മാണത്തിന് 'ലെഡി' നൊപ്പം ഉപയോഗിക്കുന്ന ലോഹം ഏത് ?

(A) ടിൻ (B) അലൂമിനിയം (C) ചെമ്പ് (D) വെള്ളി

Name the metal used along with Lead (Pb) to make 'fuse wire' (solder).

(A) Tin (B) Aluminium (C) Copper (D) Silver

74. സൗരോർജ്ജത്തെ വൈദ്യുതോർജ്ജമാക്കി മാറ്റുന്ന ഉപകരണമേത് ?

(A) സോളാർ ഹീറ്റർ (B) സോളാർ പാനൽ

(C) സോളാർ കുക്കർ (D) തെർമോപൈൽ

Which among the following is used to convert Solar energy into Electrical energy ?

(A) Solar heater (B) Solar panel

(C) Solar cooker (D) Thermopile

75. ചലിക്കുന്ന ഒരു വസ്തുവിന്റെ ഗതികോർജ്ജം "E" ആയാൽ അതിന്റെ 'ആക്കം' എത്ര ?

(A) $\sqrt{2mE}$ (B) 2mE (C) MeV (D) mgh

If the kinetic energy of a moving body is 'E', then its momentum is given by :

(A) $\sqrt{2mE}$ (B) 2mE (C) MeV (D) mgh

76. ലോഹങ്ങളുടെ ചാലകത നിശ്ചയിക്കുന്ന ആറ്റത്തിലെ ഘടകങ്ങളാണ് :

(A) ഇലക്ട്രോൺ (B) പ്രോട്ടോൺ (C) ന്യൂട്രോൺ (D) പോസിട്രോൺ

Which of the following atomic particle is responsible for the conductivity of metals ?

(A) Electron (B) Proton (C) Neutron (D) Positron

77. 'ചിലി സാൾട്ട് പീറ്റർ' എന്നറിയപ്പെടുന്ന രാസ സംയുക്തമാണ് :

(A) സോഡിയം നൈട്രേറ്റ് (B) സോഡിയം ക്ലോറൈഡ്

(C) പൊട്ടാസിയം നൈട്രേറ്റ് (D) സോഡിയം സൾഫേറ്റ്

The chemical name of Chile Salt Petre is :

(A) Sodium nitrate (B) Sodium chloride

(C) Potassium nitrate (D) Sodium sulphate

78. സോഫ്റ്റ് ഡ്രിങ്കുകളിൽ പുളിരസം പ്രദാനം ചെയ്യുന്ന ആസിഡാണ് :

(A) ഹൈഡ്രോക്ലോറിക് ആസിഡ് (B) അസറ്റിക് ആസിഡ്

(C) ഫോസ്ഫോറിക് ആസിഡ് (D) ഓക്സാലിക് ആസിഡ്

The acid which gives sour taste to soft drinks :

(A) Hydrochloric acid (B) Acetic acid

(C) Phosphoric acid (D) Oxalic acid

79. മാഗ്നേലിയം എന്ന ലോഹ സങ്കരത്തിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളാണ് :

(A) മഗ്നീഷ്യം, അലൂമിനിയം

(B) മാംഗനീസ്, അലൂമിനിയം

(C) മഗ്നീഷ്യം, അലൂമിനിയം, നിക്കൽ

(D) ടിൻ, അലൂമിനിയം

The elements present in the alloy "Magnalium" :

(A) Magnesium, Aluminium

(B) Manganese, Aluminium

(C) Magnesium, Aluminium, Nickel

(D) Tin, Aluminium

80. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കാണപ്പെടുന്ന കരിമണലിൽ അടങ്ങിയിരിക്കുന്ന ധാതുവായ മോണസൈറ്റിൽ __________ സമൃദ്ധമായി കാണപ്പെടുന്നു.

(A) ടൈറ്റാനിയം (B) റേഡിയം (C) തോറിയം (D) യുറേനിയം

The black sand present along the coastal regions of Kerala contains the mineral monazite which is rich in _______.

(A) Titanium (B) Radium (C) Thorium (D) Uranium

81. താഴെപ്പറയുന്നവയിൽ ഏതു വിഭാഗമാണ് ഭക്ഷണത്തിനായി ചെടികളെ നേരിട്ടാശ്രയിക്കുന്നത് ?

(A) വിഘാടകർ (B) ഉത്പ്പാദകർ

(C) പ്രാഥമിക ഉപഭോക്താക്കൾ (D) ദ്വിതീയ ഉപഭോക്താക്കൾ

Which of the following group depends directly on plants for food ?

(A) Decomposers (B) Producers

(C) Primary Consumers (D) Secondary Consumers

82. ഇൻഡ്യയിൽ എത്ര ഇക്കോളജിക്കൽ ഹോട്ട്സ്പോട്ടുകൾ ഉണ്ട് ?

(A) 3 (B) 5 (C) 34 (D) 16

How many ecological hotspots are there in India ?

(A) 3 (B) 5 (C) 34 (D) 16

83. സമീകൃതാഹാരം എന്നാലെന്ത് ?

(A) എല്ലാ പോഷകഘടകങ്ങളും തുല്യ അളവിൽ അടങ്ങിയിരിക്കുന്ന ഭക്ഷണം

(B) പോഷകഘടകങ്ങൾ അമിത അളവിൽ അടങ്ങിയിരിക്കുന്ന ഭക്ഷണം

(C) എല്ലാ പോഷകഘടകങ്ങളും അടങ്ങിയിരിക്കുന്ന ഭക്ഷണം

(D) ആവശ്യമുള്ള എല്ലാ പോഷകഘടകങ്ങളും ശരീരത്തിനാവശ്യമുള്ള അളവിൽ അടങ്ങിയിരിക്കുന്ന ഭക്ഷണം

What is meant by balanced diet ?

(A) The food which contains all the nutrients in equal quantity.

(B) The food which contains nutrients in excess amount.

(C) The food which contains all the nutrients.

(D) The food which contains all the required nutrients in proper quantities needed by the body.

84. ക്ഷയരോഗത്തിനു കാരണമായ രോഗാണു ഏത് വിഭാഗത്തിൽ പെടുന്നു ?

(A) ബാക്ടീരിയ (B) ഫംഗസ് (C) പ്രോട്ടോസോവ (D) വൈറസ്

The pathogen causing tuberculosis comes under which of the following category ?

(A) Bacteria (B) Fungus (C) Protozoa (D) Virus

85. നാഡീവ്യവസ്ഥയുടെ ഘടനാപരവും ധർമ്മപരവുമായ അടിസ്ഥാന ഘടകം ഏതാണ് ?

(A) തലച്ചോറ് (B) നാഡീകോശം

(C) നാഡി (D) സുഷുമ്നാ നാഡി

Structural and Functional unit of nervous system is :

(A) Brain (B) Neuron

(C) Nerve (D) Spinal Cord

86. പിൽക്കാലത്ത് ദിക്പാലന്മാരിലൊരാൾ മാത്രമായി പരിഗണിക്കപ്പെട്ട വൈദികദേവത ആര് ?
(A) വിഷ്ണു (B) ഉഷസ്സ് (C) ഇന്ദ്രൻ (D) ഭദ്രകാളി

87. ഗർഭഗൃഹം എന്ന പേരിലറിയപ്പെടുന്ന ക്ഷേത്രഭാഗം ഏത് ?
(A) ശ്രീകോവിൽ (B) നമസ്കാരമണ്ഡപം
(C) തിടപ്പള്ളി (D) വിളക്കുമാടം

88. വടക്കുന്നാഥൻ എന്ന പേരിലറിയപ്പെടുന്ന ദേവൻ ആര് ?
(A) വിഷ്ണു (B) ശിവൻ (C) ഗണപതി (D) ശാസ്താവ്

89. ശ്രീശങ്കരൻ ഏത് ദർശനത്തിന്റെ പ്രചാരകനായിരുന്നു ?
(A) മീമാംസ (B) അദ്വൈതവേദാന്തം
(C) വിശിഷ്ടാദ്വൈതം (D) സാംഖ്യം

90. ഭഗവത്ഗീത ഏത് ഗ്രന്ഥത്തിന്റെ ഭാഗമാണ് ?
(A) ഭാഗവതപുരാണം (B) രാമായണം
(C) വിഷ്ണുപുരാണം (D) മഹാഭാരതം

91. ലോക പൈതൃകമായി യുനെസ്കോ അംഗീകരിച്ച കേരളീയ കലാരൂപം ഏത് ?
(A) കഥകളി (B) കൂടിയാട്ടം (C) മോഹിനിയാട്ടം (D) തെയ്യം

92. ക്ഷേത്രവാസ്തുപുരുഷന്റെ പാദമായി കണക്കാക്കപ്പെടുന്നത് ക്ഷേത്രത്തിന്റെ ഏത് ഭാഗം ?
(A) ഗർഭഗൃഹം (B) ഗോപുരം (C) കൊടിമരം (D) വലിയ ബലിക്കല്ല്

93. തൃക്കാക്കരയപ്പൻ ആരാണ് ?
(A) വാമനൻ (B) മഹാബലി (C) ശിവൻ (D) മുരുകൻ

94. തിരുവിതാംകൂറിൽ 1936 -ൽ ക്ഷേത്രപ്രവേശന വിളംബരം നടത്തിയ ഭരണാധികാരി ആര് ?
(A) മാർത്താണ്ഡവർമ്മ (B) സ്വാതിതിരുനാൾ
(C) കാർത്തികത്തിരുനാൾ രാമവർമ്മ (D) ചിത്തിരത്തിരുനാൾ ബാലരാമവർമ്മ

95. ആദികാവ്യമെന്ന് പ്രസിദ്ധമായ കൃതി ഏത് ?
(A) വാത്മീകിരാമായണം (B) മഹാഭാരതം
(C) രഘുവംശം (D) ഋഗ്വേദം

96. ക്ഷേത്രത്തിൽ വിഗ്രഹം പ്രതിഷ്ഠിക്കുവാനുള്ള പീഠം ഏത് ശിലകൊണ്ടാണ് നിർമിക്കപ്പെടുന്നത് ?

(A) പുരുഷശില (B) സ്ത്രീശില (C) നപുംസകശില (D) ദേവശില

97. കൃഷ്ണനാട്ടം ഏത് ഗ്രന്ഥത്തെ ആധാരമാക്കിയുള്ള കലാരൂപമാണ് ?

(A) ഗീതാഗോവിന്ദം (B) കൃഷ്ണഗാഥ (C) ഭഗവത്ഗീത (D) കൃഷ്ണഗീതി

98. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആസ്ഥാനം എവിടെ ?

(A) തൃശ്ശൂർ (B) എറണാകുളം (C) പാലക്കാട് (D) ഇരിങ്ങാലക്കുട

99. സംഗീതവുമായി ബന്ധപ്പെട്ട വേദം ഏത് ?

(A) ഋഗ്വേദം (B) യജുർവേദം (C) സാമവേദം (D) അഥർവവേദം

100. ചേന്നാസ് നാരായണൻ രചിച്ച തന്ത്രഗ്രന്ഥം ഏത് ?

(A) പുടയൂർ ഭാഷ (B) തന്ത്രസമുച്ചയം (C) കുഴിക്കാട്ടുപച്ച (D) തന്ത്രവാർത്തികം

-o O o-